(ബി) ഏതെല്ലാം ഇനം മരുന്നുകളാണ് ഇപ്രകാരം കാലാവധി കഴിഞ്ഞ് ഉപയോഗ ശൂന്യമായതെന്നും എത്ര തുക ഈയിനത്തിൽ നഷ്ടപ്പെട്ടുവെന്നും അറിയിക്കാമോ ;

(സി) ഇത്രയധികം ഔഷധങ്ങൾ സ്റ്റോർ മുറികളിൽ ദീർഘകാലം ഉപയോഗിക്കപ്പെടാതെ സൂക്ഷിക്കപ്പെട്ടതിന്റെ ഉത്തരവാദിത്വം ആർക്കെല്ലാമാണ് ;

(ഡി) സ്റ്റോക്ക് വെരിഫിക്കേഷൻ യഥാസമയം നടത്താത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ ;

(ഇ) ഔഷധങ്ങൾ ആരുടെ നിർദ്ദേശപ്രകാരം ഏത് കാലയളവിലാണ് വാങ്ങിയതെന്ന് അറിയിക്കുമോ ;

(എഫ്) പ്രസ്തുത കാലയളവിൽ പർച്ചേസിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(ജി) പർച്ചേസിംഗ് കമ്മിറ്റി എത്ര തവണ യോഗം ചേർന്നുവെന്ന് അറിയിക്കുമോ ;

(എച്ച്) പേയിംഗ് കൗണ്ടറിലെ കൃത്യവിലോപത്തിനും സാമ്പത്തിക ക്രമക്കേടുകൾക്കുമെതിരെ എന്തെല്ലാം നടപടികൾ ഗവൺമെന്റ് നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-എച്ച്) 13-6-2003-ൽ കൂടിയ ആശുപത്രി വികസന സമിതിയുടെ യോഗത്തിൽ ഇക്കാര്യം സംബന്ധിച്ച് കൈക്കൊണ്ട തീരുമാനപ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ, ഫാർമസി വിഭാഗം മേധാവി, രണ്ട് എച്ച്.ഡി.എസ്. മെമ്പർമാർ എന്നിവർ ഉൾപ്പെട്ട 4 അംഗ അന്വേഷണ സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. ഈ അന്വേഷണ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാവുകയുള്ളൂ.

ഇന്ത്യൻ ചികിത്സാ രീതിയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ

136 (853) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ ചികിത്സാ രീതിയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഈ ചികിത്സാ പദ്ധതിക്കായി കഴിഞ്ഞ 2 വർഷങ്ങളിൽ കേന്ദ്രത്തിൽനിന്ന് എത്രതുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ എത്ര സംഖ്യ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത തുക മുഴുവനും ചെലവഴിക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(എഫ്) പല ആയുർവേദ മരുന്നുകൾക്കും ജർമ്മനി പോലെയുള്ള യൂറോപ്യൻ രാജ്യങ്ങൾ പേറ്റന്റ് കൈവശപ്പെടുത്തുന്നത് സംബന്ധിച്ച വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹെൽത്ത് വിഷൻ 2005, ആയുർവേദ സംസ്ഥാന പോളിസി എന്നിവയുടെ ചർച്ചാവേളയിലും ലോകായുർവേദ കോൺഗ്രസിന്റെ ചർച്ചാവേളയിലും നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം ആയുർവേദ കോളേജിന് 118 ലക്ഷം രൂപയും തൃപ്പൂണിത്തുറ ആയുർവേദ കോളേജിന് 27 ലക്ഷം രൂപയും കണ്ണൂർ ആയുർവേദ കോളേജിന് 16.50 ലക്ഷം രൂപയും കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) കെട്ടിടം നിർമ്മിക്കുന്നതിനും ട്രെയിനിംഗിനുമായി 62 ലക്ഷം രൂപ ചെലവഴിച്ചു.

(ഇ) കെട്ടിടം പണി പൂർത്തിയായതിനുശേഷം മാത്രമേ യന്ത്രോപകരണങ്ങൾ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. അതിനാലാണ് ചെലവ് ചെയ്യാൻ താമസം നേരിട്ടത്.

(എഫ്) ഉണ്ട്.

(ജി) ആയുർവേദ, കായവേദ, ബയോവേദ, കാമ്യ ആയുർവേദ, സമദോഷ ആയുർവേദ, സൂര്യ ആയുർവേദ, ആയുർ വേദയോഗ തുടങ്ങിയ ഇന്ത്യൻ കൺസപ്റ്റുകൾക്ക് ജർമ്മനിയിൽ പാറ്റന്റ് ലഭിക്കുവാൻ രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയുന്നു. ഇപ്രകാരം പാറ്റന്റ് കൈവശപ്പെടുത്തുന്നത് തടയുവാൻ ഒരു പ്രത്യേക സെൽ രൂപീകരിച്ച് നടപടി എടുക്കുന്നതാണ്.

ആയുർവേദ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരുടെ നിയമനം

137 (854) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ വകുപ്പിൽ മെഡിക്കൽ ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly